eMail: ymlk@deepika.com
sms: 98495 99108

മൈലാഞ്ചിത്തിളക്കം

CAMPUS TRENDS

സീമ

എല്ലാ ഫാൻസി കടകളിലും ഇപ്പോൾ കോൺ മൈലാഞ്ചി വാങ്ങാനെത്തുന്നവരുടെ തിരക്കാണ്. വേലിപ്പടർപ്പിൽനിന്ന് മൈലാഞ്ചിയിലെ പറിച്ചെടുത്ത് അരച്ച് മൈലാഞ്ചിയിട്ടിരുന്ന കാലം ഔട്ടായി. മൊബൈത്തിപ്പെണ്ണുങ്ങൾക്ക് കൈ നിറത്തിപ്പിടിച്ച് മൈലാഞ്ചി ഉണക്കാനുള്ള സമയമൊന്നും ഇന്നില്ല. അതുകൊണ്ടുതന്നെ കോൺ മെഹന്ദിക്കും ഇൻസ്റ്റന്റ് മെഹന്ദിക്കുമൊക്കെ വിപണിയിൽ വൻ ഡിമാൻ്റാണ്.

ഇന്ത്യൻ, അറേബ്യൻ, ഇറ്റാലിപ്പഷൻ തുടങ്ങി വിവിധ സ്റ്റൈലുകളിലുള്ള മൈലാഞ്ചി കോണുകൾ ഇന്ന് ലഭ്യമാണ്. കൈകളിൽ നിറയെ നേർത്ത പൂക്കളും സൂര്യനുമൊക്കെ വരച്ചിടുന്നതാണ് ഇന്ത്യൻ ഡിസൈൻ. അറബിക് ഡിസൈൻ ഇടുന്നത് അൽപം പാടുള്ള പണിയാണ്. ഓരോ ബ്ലോക്കുകളായാണ് ഇത് ചെയ്യുന്നത്.

കൈപ്പത്തി നിറച്ചെന്നും വേണ്ട. പക്ഷേ, ഇടുന്ന ഡിസൈൻ ത്രീ ഡയമൻഷനൽ ഇഫക്ട് മസ്റ്റാണ്.

മൈലാഞ്ചി കോണുകൾക്ക് 12 മുതൽ 75 രൂപ വരെയാണ് വില. കോണിന്റെ അടിഭാഗത്തുള്ള മൊട്ടുസൂചി വലിച്ചൂരിയാൽ മൈലാഞ്ചി റെഡി. ഊർന്നുവരുന്ന പച്ചച്ചായം ഇഷ്ടപ്പെട്ട ഡിസൈനിൽ കൈകളിൽ ഇടാം. നിമിഷങ്ങൾക്കകം കരിംപച്ചപ്പായി മാറും. ഉണങ്ങാൻ കാത്തിരിപ്പും വേണ്ട. പെരുന്നാളിനു മാത്രമല്ല കല്യാണാവശ്യങ്ങൾക്കും മൈലാഞ്ചി ഇടുന്നത് ഇന്നത്തെ ട്രൻഡാണ്. വില അൽപം കൂടുതലെങ്കിലും മൈലാഞ്ചി ഇടുന്ന തിനായി ബ്യൂട്ടിപാർലറുകളെ ആശ്രയിക്കുന്നവരും കുറവല്ല.

മൈലാഞ്ചി ഡിസൈനുകളുള്ള പുസ്തകങ്ങളും വിപണിയിലുണ്ട്. അൽപം ഭാവനയുണ്ടെങ്കിൽ സ്വന്തമായിത്തന്നെ മനോഹര ഡിസൈനുകളിൽ മൈലാഞ്ചിയിടാം.

സമ്മർകോഡിന്റെ ചുരുളഴിച്ചവർ

*സ്വ*തന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കായി ആഗോളതലത്തിൽ ഗൂഗിൾ സംഘടിപ്പിക്കുന്ന സ്റ്റുഡന്റ് സ് സ്കോളർഷിപ്പിന് അർഹരായത് മൂന്നു മലയാളി വിദ്യാർഥികൾ. പാലക്കാട് സ്വദേശി കെ. ഇർഷാദ്, തൃശൂർ സ്വദേശി നന്ദജ വർമ, കൊല്ലം സ്വദേശി നിധിൻ സജി. മൂവരും വികസിപ്പിച്ചെടുത്ത വ്യത്യസ്തവും സമഗ്രവുമായ പ്രോജക്ടുകൾ ഗൂഗിൾ അംഗീകരിച്ചുകഴിഞ്ഞു. ഇർഷാദിന്റെ ഗ്രന്ഥസൂചികയും നന്ദജയുടെ ഓട്ടോമേറ്റഡ് റെന്റിംഗ് സെസ്റ്റും സ്വതന്ത്ര സോഫ്റ്റ്‌വെയറുകളായി ഉടൻ പ്രചാരത്തിലെത്തും. ഒപ്പം, നിധിൻ പുനഃക്രമീരിച്ച വെബ് ബേസ്ഡ് ലാംഗേജ് ഫ്രെയിംവർക്കും.

സമ്മർകോഡ്- ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ ഗൂഗിൾ വിദ്യാർഥികൾക്കിടയിൽ നടത്തുന്ന ഫ്രീ ആൻഡ് ഓപ്പൺസോഴ്സ് സോഫ്റ്റ്‌വെയർ പ്രോജക്ടാണ് ഇത്. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിലേക്കുള്ള പുത്തൻ ആശയങ്ങളെയും ആവിഷ്കാരങ്ങളെയും സ്വീകരിക്കുകയാണ് സമ്മർകോഡ് വഴി ചെയ്യുന്നത്. ഇതിനായി ഗൂഗിൾ പ്രൊപ്പോസൽ ചെയ്യും. ഗൂഗിൾ ലിസ്റ്റിൽ പ്രസിദ്ധീകരിക്കുന്ന ആശയങ്ങളോ തനത് ആശയങ്ങളോ പ്രോജക്ടിനായി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത ആശയങ്ങളെ എങ്ങനെ സോൾവ് ചെയ്യുന്നു എന്നതും, വിദ്യാർഥിയുടെ പ്രൊഫൈലും, മുമ്പു ചെയ്ത വർക്കും അനുസരിച്ചാണ് തെരഞ്ഞെടുപ്പ്. 2013ൽ സ്വതന്ത്ര മലയാളം കംപ്യൂട്ടിംഗിന്റെ(എസ്എംസി) കീഴിൽ സമ്മർകോഡ് പ്രോജക്ട് ചെയ്യാനുള്ള അവസരം ലഭിച്ച് കംപ്യൂട്ടർ സയൻസ് വിദ്യാർഥികളായ കെ. ഇർഷാദ്, നന്ദജവർമ, എൻജിനീയറിംഗ് വിദ്യാർഥി നിധിൻ സജി എന്നിവർക്കാണ്. നേരത്തെ, 2007ലും എസ്എംസിക്കു കീഴിൽ ഒരു മലയാളി സമ്മർകോഡ് പ്രോജക്ട് അംഗമായിരുന്നു.

ഫസ്റ്റ് ക്ലാസ് ആശയങ്ങളിൽ തലപുകച്ച് ഗൂഗിളിന്റെ അംഗീകാരം നേടിയ മൂന്ന് എൻജിനിയറിംഗ് വിദ്യാർഥികളെ പരിചയപ്പെടുത്തുന്നു, വിനീഷ് വിശ്വം

ഇർഷാദിന്റെ grandham.org:

ഇന്ത്യൻ ഭാഷകളിലെ ഏറ്റവും സമഗ്രമായ ഒരു ഗ്രന്ഥസൂചിയാണ് ഇർഷാദിന്റെ സംഭാവന- grandham.org. മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട 52,000ൽ ഏറെ സാഹിത്യകൃതികളുടെ വിവരങ്ങൾ ഇതിലുടെ ലഭ്യമാണ്. പുസ്തകത്തിന്റെ പേര്, ഗ്രന്ഥകർത്താവ്, പ്രസാധകർ, വില, കവർചിത്രം, പേജുകളുടെ എണ്ണം എന്നീ വിവരങ്ങളും ലഭ്യം. അന്വേഷിക്കുന്ന പുസ്തകം ഏതു ലൈബ്രറിയിൽ ലഭിക്കുമെന്ന വിവരം കൂടി പുസ്തകപ്രേമികളുടെ വിരൽത്തുമ്പിൽ ലഭിക്കും. ഇവയിൽ ഏതെങ്കിലും വിവരം വിട്ടുപോയിട്ടുണ്ടെങ്കിൽ അവ എഡിറ്റ് ചെയ്ത് അപ്ഡേറ്റ് ചെയ്യാം. വിവരങ്ങളിലെ തെറ്റുകുറ്റങ്ങൾ തിരുത്താൻ ലൈബ്രറി കമ്മിറ്റിയുടെ ഒരു എക്സ്പെർട്ട് പാനലും ഗ്രന്ഥം ഓർഗിനൊപ്പം പ്രവർത്തിക്കുന്നുണ്ട്. ഗ്രന്ഥം ഓർഗിന്റെ ലോബ്ബിംഗ് തൃശൂരിൽ 'മലയാളം കംപ്യൂട്ടിംഗിന്റെ ഒരു വ്യാഴവട്ട' എന്ന പരിപാടിയോടനുബന്ധിച്ചു നടന്നു.

നന്ദജയുടെ ഓട്ടോമേറ്റഡ് റെന്റിംഗ് ടെസ്റ്റ്:

മലയാളത്തിൽ പ്രചാരത്തിലുള്ള വിവിധ ഫോണ്ടുകളുടെ (ലിപികൾ) ചിത്രീകരണ വൈകല്യം പരിഹരിക്കാനുള്ള സൂത്രമാണ് ഓട്ടോമേറ്റഡ് റെന്റിംഗ് ടെസ്റ്റ് ടൂൾ. കംപ്യൂട്ടർ ചിത്രീകരണത്തിന് അതിസങ്കീർണമായ മലയാളം ഫോണ്ടുകളെ ഒരേതരത്തിൽ അണിനിരത്തുകയെന്നത് വലിയ വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ അതിജീവിക്കാൻ ചിത്രീകരണ വൈകല്യം തീർത്തുകൊണ്ട് നിരവധി ലിപികൾ അവതരിപ്പിച്ചെടുക്കുന്നുണ്ട്. ഹാർഫ്ബസ് എൻജിനുകളാണ് മലയാളം ഫോണ്ടുകളുടെ വൈകല്യനിവാരണ യന്ത്രങ്ങൾ(ഷേപ്പിംഗ് എൻജിൻ) ആയി നിലവിലുള്ളത്. ഇവയുടെ ചിത്രീകരണം ശരിയാണോ എന്ന് പരിശോധിക്കാനുള്ള മറ്റു സോഫ്റ്റ്‌വെയറുകളില്ല. ഫോണ്ടുകളുടെ ചിത്രീകരണ സംവിധാനത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താനും പരിശോധിക്കാനും വഴിയൊരുക്കുകയാണ് ഓട്ടോമേറ്റഡ് റെന്റിംഗ് ടെസ്റ്റ് ടൂൾ. ആൻഡ്രോയ്ഡ് ഫോണ്ടുകളിൽ തനത് പ്രാദേശിക ഭാഷകളുടെ വ്യക്തമായ ചിത്രീകരണം ഗൂഗിൾ സാധ്യമാക്കുന്നത് ഇത്തരം സോഫ്റ്റ്‌വെയറുകൾ വഴിയാണ്.

നിധിന്റെ വെബ് ബേസ്ഡ് ലാംഗ്വേജ് ഫ്രെയിംവർക്ക്:

ഭാരതീയ ഭാഷകളിൽ നിലവിലുള്ളതും ബൃഹത്തുമായ സ്വതന്ത്ര ഇൻഡിക് ലാംഗേജ് പ്രോസസിംഗ് ആപ്ലിക്കേഷനാണ് ശിൽപ. ചുരുക്കിപ്പറഞ്ഞാൽ വിവിധ ഭാഷകളുടെ വെബ് ബേസ്ഡ് ഫ്രെയിംവർക്ക്. മലയാളത്തിലെ ഒരു ടൈപ്സ്റ്റ് തമിഴിൽവച്ച് സെർച്ച് ചെയ്യാൻ ഇതുവഴി സാധിക്കും. രണ്ടു ഭാഷകളിലെയും ഉച്ചാരണം ശരിയാണോ എന്നും ഇതുവഴി വേർതിരിച്ചറിയാം. നാലുവർഷം മുമ്പാണ് ശിൽപ എന്ന പ്രോജക്ടിനു തുടക്കംകുറിച്ചത്. ഇതിനുശേഷമുണ്ടായ മാറ്റങ്ങളെ പുനരവതരിപ്പിച്ച് ഈ വെബ് ഫ്രെയിംവർക്കിനെ പുനഃക്രമീകരിക്കുന്ന പ്രോജക്ടാണ് നിധിൻ ഗൂഗിൾ സമ്മർകോഡ് വഴി അവതരിപ്പിച്ചത്.

സമ്മർകോഡ് പ്രോജക്ടുകളുടെ സമർപ്പണത്തിനുശേഷം രണ്ടു ഘട്ടങ്ങളിലായാണ് ഗൂഗിൾ ഇവയുടെ മൂല്യനിർണയം നടത്തുന്നത്. ഈ രണ്ടു ഘട്ടങ്ങളിലും മൂന്നുപേരും വിജയിച്ചു. ഇനി വികസിപ്പിച്ചെടുത്ത പ്രോജക്ടുകളുടെ മെയിന്റനൻസ് നടത്തുകയെന്ന ഭാരിച്ച ഉത്തരവാദിത്വവും മൂവരിലും നിക്ഷിപ്തമാണ്. ഇതിനായി 5000 ഡോളർ(മൂന്നുലക്ഷം രൂപ) സ്കോളർഷിപ്പോടെയാണ് വിദ്യാർഥികളെ സമ്മർകോഡ് വഴി തെരഞ്ഞെടുക്കുന്നത്.

• ഇർഷാദ്
• നന്ദജ വർമ
• നിധിൻ സജി

എന്താണ് നിങ്ങളുടെ ജീവിതത്തിന്റെ സ്ക്രിപ്റ്റ്?

*ജീ*വിതത്തിൽ നല്ലതുമാത്രം സംഭവിക്കണമെന്നാശിക്കുന്നവരാണ് നമ്മളെല്ലാം. എന്നാൽ ചിലപ്പോൾ സംഭവിക്കരുതെന്നു നമ്മൾ ചിന്തിക്കുന്നതുതന്നെ സംഭവിക്കാം. ഇങ്ങനെയുണ്ടാകുന്ന സംഭവങ്ങളെ നമ്മൾ ദുരന്തങ്ങൾ എന്നുപറയും. ചില ദുരന്തങ്ങൾ വരുമ്പതന്ന് എത്ര ആഗ്രഹിച്ചാലും വരുകതന്നെ ചെയ്യും. എന്നാൽ ചിലവ നമ്മളായിട്ട് ഉണ്ടാക്കുന്ന ദുരന്തങ്ങളാണ്. അവയെ തടയാൻ നമ്മൾ ഒന്നു വിചാരിച്ചാൽ മാത്രംമതി. ഇനി നിങ്ങളുടെ ജീവിതത്തിന്റെ സ്ക്രിപ്റ്റ് നിങ്ങളെ എങ്ങോട്ടു നയിക്കുന്നെന്നു നോക്കാം.

ദുരന്തജീവിത സ്ക്രിപ്റ്റ്

മാനസിക സംഘർഷം സ്വയം സൃഷ്ടിച്ച്, മാനസിക സ്വാതന്ത്ര്യം ഇല്ലാതാക്കി, മനസിന്റെ ഊർജം നഷ്ടപ്പെടുത്തുന്ന സ്വഭാവക്കാരനാണോ നിങ്ങൾ? എങ്കിൽ ഉറപ്പിച്ചോളൂ, നിങ്ങളുടെ ജീവിതം ഒരു ദുരന്തത്തിലേക്കാണ് നീങ്ങുന്നത്.

ശുഭജീവിത സ്ക്രിപ്റ്റ്

മനസിൽ നിന്ന് സംഘർഷം ഒഴിവാക്കി സ്വാതന്ത്ര്യം വർധിപ്പിച്ച് സൃഷ്ടിപരമായ പ്രവർത്തനങ്ങളിലേർപ്പെടുന്നവനാണോ നിങ്ങൾ? എന്നാൽ ഉറപ്പിച്ചോളൂ, വിജയത്തിലേക്കാണ് നിങ്ങളുടെ ജീവിതം നീങ്ങുന്നത്.

മുകളിൽ പറഞ്ഞ ശുഭജീവിത സ്ക്രിപ്റ്റ് ഉണ്ടാക്കുക എന്നത് അത്ര എളുപ്പം നടക്കുന്ന കാര്യമല്ല. അതിന് സാഹചര്യങ്ങളെ ക്രിയാത്മകമായി എങ്ങനെ നേരിടാമെന്ന് പഠിക്കണം. സ്വയം അറിയണം, പോരായ്മകൾ തിരുത്തണം.

ഇതിന് സ്വഭാവത്തിന് പക്വത ആവശ്യമാണ്. ഇനി എന്താണ് പക്വതയുടെ ലക്ഷണങ്ങൾ? അവബോധം, നിർഭയത്വം, സൗഹൃദം ഇവയാണവ. തന്നെപ്പറ്റിയും ജീവിതത്തെപ്പറ്റിയും മറ്റുള്ളവരെപ്പറ്റിയുമുള്ള അറിവിനെയാണ് അവബോധമെന്നു പറയുക.

ആത്തരികമായ ഭീതിയിൽ നിന്ന് മുക്തമാകുന്ന അവസ്ഥയെ നിർഭയത്വം എന്നു പറയാം. കരച്ചിൽ വരുമ്പോൾ കരയാനും ചിരിവരുമ്പോൾ ചിരിക്കാനും പരസ്യമായുള്ളത് പറയേണ്ട രീതിയിൽ പറയാനും ചെയ്യേണ്ടത് ഉടനടി ചെയ്യാനും മനസിനെ ശീലിപ്പിക്കുകയാണ് നിർഭയത്വം കൊണ്ടുദ്ദേശിക്കുന്നത്. സന്തർഭോചിതമായും ആത്മസംതൃപ്തി ലഭിക്കുന്ന രീതിയിലും പെരുമാറുക നിർഭയത്വത്തിന്റെ നല്ല ഗുണമാണ്.

ശത്രുതാഭാവമാണ് നമ്മുടെ എല്ലാ മാനസിക സംഘർഷങ്ങൾക്കു പിന്നിലും. ശത്രുതാഭാവത്തെ നീക്കംചെയ്താൽ പ്രശ്നപരിഹാരത്തിനുള്ള വഴികൾ മനസ്സുതന്നെ കണ്ടെത്തിക്കൊള്ളും. നാം സ്വയം വെറുക്കുമ്പോൾ ആ വെറുപ്പ് മറ്റുള്ളവരോടുള്ള ശത്രുതയായി പുറത്തുവരും. അതിനാൽ സൗഹൃദം ശീലിക്കുന്നത് മനസിനെ ശക്തമാക്കും, ക്രിയാത്മകവും.

മനസിനെ എങ്ങനെ ക്രിയാത്മകമാക്കാം-**അടുത്തയാഴ്ച.**

ടോം ജോർജ്

ആരാധകരുടെ മനസിലെന്നും...

സ്വർണമല്ലെങ്കിലും
ചന്ദനമല്ലെങ്കിലും
ഞാനുണ്ടു കൂടെ
എന്തിനു നീ ഭയക്കണം...?

പാടിപ്പതിഞ്ഞ ഒരു ഹിന്ദി സിനിമാഗാനമാണിത്. കാമുകി കാമുകനോടു പറയുന്നതാണ് കഥാതന്തുവെങ്കിലും ഒന്നോർത്തുനോക്കൂ... ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്- എന്നു കേൾക്കുന്നതുതന്നെ ഒരാശ്വാസമല്ലേ..? യുവാക്കൾക്കു വേണ്ടതും അതാണ്- ഒരു കൈത്താങ്ങ്. സുന്ദരമായ ജീവിതത്തിൽ സുധീമമായ നിലപാടുകളെടുക്കുന്നതിന് മനസിനെ സജ്ജമാക്കാൻ യുവാക്കൾ ശീലിക്കണം. ആശ്വാസവാക്കുകളുടെ ഉറവിടം ചിലപ്പോൾ അദൃശ്യമായിരിക്കാം. ഉയരങ്ങളിൽ പറന്നുല്ലസിക്കുന്ന പലരും ഈ ആശ്വാസത്തിന്റെ രുചിയറിഞ്ഞവരാണ്. ഗോഡ്ഫാദറില്ലാത്ത പലർക്കും ഈ അദൃശ്യശക്തികൾ തന്നെയായിരുന്നു കരുത്ത്.

ഏകലവ്യന്മാർ

ഗുരുദക്ഷിണയായി പെരുവിരൽ നഷ്ടപ്പെട്ടെങ്കിലും അർജുനനെക്കാളും മികവുകാണിച്ച ഏകലവ്യൻ തന്നെയാണ് ശിഷ്യഗണങ്ങളിൽ അഗ്രഗണ്യനായി വാഴ്ത്തപ്പെടുന്നത്. ഗോഡ്ഫാദറായ ദ്രോണരെ മനസിൽ ധ്യാനിച്ച് പ്രതിമയുണ്ടാക്കി അതിനുമുന്നിൽ പരിശീലനം നടത്തിയ കാട്ടാളനെ നാമിന്നും ഓർക്കുന്നു. ഗുരുവിനെ കിട്ടിയില്ലെങ്കിലും ഇച്ഛാശക്തിയിൽ ഉറച്ചുനിന്ന ഏകലവ്യൻ എന്തൊക്കെ നേടിയെന്ന ചോദ്യം അവശേഷിക്കെക്കെ. ഒരുപക്ഷേ ഏകലവ്യന്റെ മനസു കീറിമുറിക്കാൻ പഴുതുണ്ടെങ്കിൽ നമുക്കു മനസിലാക്കിയെടുക്കാം ആ സന്തോഷത്തെ. ഇത്തരത്തിൽ ഒരുപാട് ഏകലവ്യന്മാരെ സമൂഹത്തിൽ കാണാം. ഗോഡ്ഫാദറില്ലാതെയും സ്വന്തം ഇച്ഛാശക്തിയിൽ അവരുടേതായ ലോകം കീഴടക്കുന്നവർ.

സ്റ്റാറ്റസ് ബാർ

പീം.വി. വസന്ത്

സച്ചിൻ എന്ന ഇതിഹാസം

ക്രിക്കറ്റിന്റെ ഇതിഹാസം- സച്ചിൻ തെൻഡുൽക്കർ പടിയിറങ്ങുമ്പോൾ ഓർത്തുനോക്കേണ്ടതുണ്ട്. നാല്പതിലെത്തി നില്ക്കുന്ന സച്ചിന്റെ പതിനാലും, പതിനാറും പ്രായത്തെക്കുറിച്ചും ഓർക്കണം. മമാകാന്ത് അച്ച്രേക്കർ എന്ന പരിശീലകനിൽ മാത്രം ഒതുങ്ങിപ്പോകുന്നതാണോ സച്ചിന്റെ കായികവളർച്ച. സച്ചിന്റെ ഇച്ഛാശക്തിയും പരിശീലന മികവും ക്രിക്കറ്റ് പ്രേമികളുടെ പ്രാർഥനയും ഒത്തുചേർന്നപ്പോഴാണ് സച്ചിൻ ഇതിഹാസമാകുന്നത്.നമ്മുടെ പ്രാർഥനയൊന്നും സച്ചിൻ കേട്ടിരിക്കുകയില്ല, ഒരുപക്ഷെ അനുഭവിച്ചുകാണണം.

നൊബേലിനു പ്രാർഥന

ലോകയുവത്വം ഒന്നടങ്ങം അടുത്തിടെ പ്രാർഥിച്ചതു നൂലിഴ വ്യത്യാസത്തിൽ കടന്നുപോയി. മലാലാ യൂസഫ്സായി എന്ന പാക്കിസ്ഥാനി പെൺകുട്ടിക്കു സമാധാന നൊബേൽ പുരസ്കാരത്തിനു വേണ്ടിയായിരുന്നു പ്രാർഥനകൾ. താലിബാൻ ഭീകരത വേട്ടയാടിയ ഈ പെൺകുട്ടി പാക്കിസ്ഥാനിൽ പെൺകുട്ടികൾക്കായി നടത്തുന്ന വിദ്യാഭ്യാസ അവകാശ പോരാട്ടത്തിന്റെ പിന്നാലെയാണ്. നോബൽ സമ്മാനത്തെക്കാളും വലുത് ലഭിച്ച സന്തോഷത്തിലാണ് മലാലയിപ്പോൾ. പുരസ്കാര പ്രഖ്യാപന നാളിൽ അമേരിക്കയിലെ വൈറ്റ്ഹൗസിലെത്തിയ മലാലയെ കാത്തിരുന്നത് പ്രസിഡന്റ് ഒബാമയുടെ ഭാര്യ മിഷേലിന്റെ ഭാമനുമ്പത്തം. തന്റെ പ്രവർത്തനത്തിനു എല്ലാ പിന്തുണയും നേടിയെടുത്തു മടങ്ങുമ്പോൾ മലാലയുടെ കവിൾത്തടത്തിലെ ചുവപ്പു പറഞ്ഞിട്ടുണ്ടാകും- ഭയപ്പെടണ്ട, ഞാനുണ്ട് കൂടെ...